# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "ജോത്സ്യം വ്യാജമാണ് "(30/9/16)

عَالِمُ الْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا (٢٦) إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ فَإِنَّهُ يَسْلُكُ مِن بَيْنِ يَدَيْهِ وَمِنْ خَلْفِهِ رَصَدًا (٢٧) (الجن)

തൗഹീദിനെക്കുറിച്ചാണ് കഴിഞ്ഞ ആഴ്ച നാം സംസാരിച്ചത്. അത് 3 ഭാഗമാണെന്നും ഒന്ന്: സത്തയിൽ അല്ലാഹു ഏക നാണെന്നും നാം വിശദീകരിക്കുകയുണ്ടായി.

- തൗഹീദ് വിശ്വാസത്തിന്റെ രണ്ടാമത്തെ ഘടകം: സ്വിഫാത്തിൽ അല്ലാഹു ഏകനാണെന്ന് വിശ്വസിക്കലാകുന്നു.
- ഏതൊരു വസ്തുവിനും ചില അടിസ്ഥാന യോഗ്യതകൾ ഉണ്ട്. ഈ യോഗ്യതകളാണ് അതിനെ മറ്റ് വസ്തുക്കളിൽ നിന്ന് വേർതിരിക്കുന്നത്. ഉദാ: മനുഷ്യനെ ഇതര ജന്തുക്കളിൽ നിന്ന് വേർതിരിക്കുന്ന യോഗ്യത വിവേക ബുദ്ധിയാണ്. ഇത് മനുഷ്യന്റെ മാത്രം പ്രത്യേകതയാണ്. ഇത് മറ്റ് ജന്തുക്കളിൽ ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽ ആടും മനുഷ്യനും തമ്മിൽ വ്യത്യാസമുണ്ടാവില്ല.

മാങ്ങക്കും തേങ്ങക്കും പ്രത്യേകം ഗുണങ്ങളുണ്ട്. ഒന്നിന്റെ ഗുണവും ഫലവും അടുത്തതിൽ ഉണ്ടാകില്ല. ഉണ്ടാ കാൻ പാടില്ല. അങ്ങനെ വന്നാൽ രണ്ടിന്റേയും ഗുണം/ഫലം/പ്രയോഗം/ ഒന്നാകും.

നരകവും സ്വർഗ്ഗവും രണ്ടാണ്. രണ്ടിനും രണ്ട് ഗുണങ്ങളാണ്. ഒന്നിന്റെ സ്വഭാവം മറ്റൊന്നിൽ ഉണ്ടായാൽ നര കവും സ്വർഗ്ഗവും ഒന്നാകും. ഇതുണ്ടാകാൻ പാടില്ല. ( ഈ ഉദാഹരണങ്ങൾ നന്നായി വിശദീകരിച്ച് അവതരിപ്പിക്കുക)

- സൃഷ്ടാവും സൃഷ്ടിയും ഇതുപോലെയാണ്. സൃഷ്ടാവിന്റെ പ്രത്യേകമായ ഗുണങ്ങൾ അവനിൽ മാത്രമേ ഉണ്ടാകാവൂ. മറ്റൊന്നിൽ ഉണ്ടായാൽ ഖാലിഖും മഖ്ലൂഖും ഒന്നായി പോകും. ഇത് ഒരിക്കലും ഉണ്ടാകാൻ പാടില്ല.
- അല്ലാഹുവിന്റെ വാജിബായ സ്വിഫത്തുക്കൾ ഒരിക്കലും സൃഷ്ടികൾക്ക് ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽ അല്ലാഹുവും സൃഷ്ടിയും ഒരു പോലെയാകും. ഇതാണ് വാജിബായ സ്വിഫത്തുകൾ. സൃഷ്ടികളുടെ ഗുണങ്ങൾ ഒരിക്കലും അല്ലാഹു വിനും ഉണ്ടാകരുത്. അവ മുസ്തഹീലായ സ്വിഫത്തുകളാണ്. ഉണ്ടായാൽ രണ്ടും ഒന്നാകും.
- ഇങ്ങനെ അല്ലാഹുവിന് ഉണ്ടാകേണ്ട സ്വിഫത്തുക്കൾ അവനു മാത്രമേ ഉള്ളൂ എന്ന് വിശ്വസിക്കുന്നതിനാണ് സ്വിഫ ത്തിലെ ഏകത്വം എന്ന് പറയുന്നത്.

ഉദാ: ഇൽമ് അല്ലാഹുവിന്റെ സ്വിഫത്താണ്. അവൻ നൽകുന്ന അളവിലെ മറ്റുള്ളവർക്ക് അത് ലഭിക്കൂ. മലക്കുകൾ പറഞ്ഞു:

قَالُوا سُبْحَانَكَ لَا عِلْمَ لَنَا إِلَّا مَا عَلَّمْتَنَا ۖ إِنَّكَ أَنتَ الْعَلِيمُ الْحَكِيمُ (البقرة ٣٢)

- സ്വയം അദൃശ്യം അറിയുന്നവനും അല്ലാഹു മാത്രമാകുന്നു.

وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ ۚ (الأنعام ٥٩)

(=രഹസ്യങ്ങളുടെ താക്കോൽ അവന്റെ അടുക്കൽ മാത്രമാകുന്നു. അവനല്ലാതെ ആരും അതിനെ സ്വയം അറിയില്ല.)

- എന്നാൽ രണ്ട് വിഭാഗത്തിന് അല്ലാഹു അദൃശ്യങ്ങൾ അറിയിച്ചുകൊടുക്കും. ആമുറക്ക് അവർക്ക് അറിയാൻ കഴിയും.

1. അമ്പിയാമുർസലുകൾ

عَالِمُ الْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا (٢٦) إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ فَإِنَّهُ يَسْلُكُ مِن بَيْنِ يَدَيْهِ وَمِنْ خَلْفِهِ رَصَدًا (٢٧) (الجن)

2. ഔലിയാക്കൾ

وفيه دلالة على جواز اطلاع الولي على المغيبات باطلاع الله تعالى له (فتح الباري ١١/٤٢١)

ഇവർക്കല്ലാതെ ആർക്കും യഥാർത്ഥമായി ആദൃശ്യം അറിയാൻ കഴിയില്ല. (ചില ഊഹങ്ങളോ ധാരണകളോ ഉണ്ടാകാം. പക്ഷേ അത് عِلمُ الْغَيْبِ അല്ല

- അദൃശ്യം അറിയുമെന്ന വ്യാജവാദക്കാരാണ് ജോത്സ്യന്മാർ. (കാഹിൻ)

الكَهَانَةُ: هِيَ اِدِّعَاءُ عِلْمُ الْغَيْبِ مَعَ الإِسْتِنَادِ إلى سَبَبٍ، كَالْإِخْبارِ بِما سَيَقَعُ في الأَرْضِ(فتح الباري)

(ഭാവിപ്രവചനം നടത്തലാണ് ജോത്സ്യം)

ഇവർ പിശാച് സേവയിലൂടെ അവർ അറിയിക്കുന്ന ചില കാര്യങ്ങളാണ് പ്രവചിക്കുന്നത്. ഇത് മുസ്ലീങ്ങൾക്ക് ഒരു നിലക്കും സ്വീകരിക്കാൻ പാടില്ല.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا ، قَالَتْ : " سَأَلَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نَاسٌ عَنِ الْكُهَّانِ ، فَقَالَ : لَيْسَ بِشَيْءٍ ، فَقَالُوا : يَا رَسُولَ اللَّهِ إِنَّهُمْ يُحَدِّثُونَا أَحْيَانًا بِشَيْءٍ فَيَكُونُ حَقًّا ، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : تِلْكَ الْكَلِمَةُ مِنَ الْحَقِّ ، يَخْطَفُهَا مِنَ الْجِنِّيِّ فَيَقُرُّهَا فِي أُذُنِ ، وَلِيِّهِ فَيَخْلِطُونَ مَعَهَا مِائَةَ كَذْبَةٍ (صحيح البخاري)

- കാര്യസാധ്യത്തിനായി ഇത്തരക്കാരെ സമീപിക്കുകയോ അവർ പറയുന്നത് വിശ്വസിക്കുകയോ അരുത്.

قال النبي صلى الله عليه وسلم: من أتى كاهناً أو عرافاً فصدقه بما يقول فقد كفر بما أنزل على محمد صلى الله عليه وسلم. رواه أحمد

- വിശ്വാസമില്ലാതെ പോകലും തെറ്റാണ്.

قال النبي (ص):من أتى كَاهنًا فسأله عن شيء لم تقبل له صلاة أربعين ليلة. رواه مسلم

ചുരുക്കം: അല്ലാഹുവിന്റെ സ്വിഫത്തുക്കൾ അവനുമാത്രമേ ഉള്ളൂ എന്ന് വിശ്വസിക്കലാണ് തൗഹീദ്. ഈ വിശ്വാസത്തിൽ കലർപ്പ് വരാതെ ഉറച്ച് നിൽക്കുക.

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)

തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648